

# ഞാൻ വേദനപ്പെടുന്നത് ദൈവം ശ്രദ്ധിക്കുന്നുണ്ടോ?

Giving Light to Our World

## ഞാൻ വേദനപ്പെടുന്നത് ദൈവം ശ്രദ്ധിക്കുന്നുണ്ടോ?

ഭീകരസംഭവങ്ങൾ അത് അർഹിക്കാത്തവരുടെ മേൽ പോലും വന്നുകൊണ്ടിരിക്കുന്ന ഒരു ലോകത്തിൽ നാം ജീവിക്കുന്നു. ചുഴലികൊടുങ്കാറ്റുകൾ, ഭൂകമ്പങ്ങൾ, പേമാരികൾ എന്നിവ ആയിരക്കണക്കായി മനുഷ്യരുടെ ജീവൻ അപഹരിക്കുന്നു; കുടിവെള്ളം പോലും ലഭ്യമാകാതെ ആയിരം ആയിരങ്ങൾ ഭവനരഹിതരാകുന്നു. വീടുകളും സമ്പാദ്യങ്ങളുമെല്ലാം ഒഴുകിപ്പോകുന്നു. ചില കഷ്ടപ്പാടുകൾ നിത്യസംഭവങ്ങളാണ്. പൊടുന്നനെയുണ്ടാകുന്ന രോഗം, അപകടങ്ങൾ, ദാമ്പത്യബന്ധ വേർപ്പാട്, ദമ്പതികളുടെയോ കുട്ടികളുടെയോ മരണം-കാരണം എന്തായാലും എന്തിന് ഇത് ഉണ്ടായി എന്നോർത്ത് നാം കരയും. എന്തുകൊണ്ട് എനിക്കിത് സംഭവിച്ചു. ഞാൻ വേദനിക്കുന്നത് ദൈവം അറിയുന്നുണ്ടോ? ശ്രദ്ധിക്കുന്നുണ്ടോ?

ഈ ഭൂമിയിൽ ആയിരുന്നപ്പോൾ യേശുവിനും ഇതുപോലൊരു ചോദ്യമുണ്ടായിരുന്നു. "എന്റെ ദൈവമേ, എന്റെ ദൈവമേ നീയെന്നെ കൈവിട്ടത് എന്ത്?" എന്നവൻ ക്രൂശിൽ തൂങ്ങിക്കിടന്നു വിലപിച്ചു (മർക്കൊസ് 15:34) അതീവ വേദനയിലായ

പ്പോൾ തന്റെ പിതാവത് അറിയുന്നുണ്ടോ, ശ്രദ്ധിക്കുന്നുണ്ടോ എന്നവൻ അത്ഭുതപ്പെട്ടു. അവൻ "മനുഷ്യരാൽ നിന്ദിക്കപ്പെട്ടും, ത്യജിക്കപ്പെട്ടും, വ്യസനപാത്രമായും ഇരുന്നു". എന്ന് ബൈബിൾ പറയുന്നു(യെശ. 53:3).

## നിങ്ങൾ വേദനപ്പെടുമ്പോഴും ദൈവം അരികിൽത്തന്നെയുണ്ട്.

വേദന അതികഠിനമായിരിക്കുമ്പോൾ നിങ്ങൾക്കത് വിശ്വാസമാകയില്ലായെങ്കിലും ദൈവം അതെല്ലാം അറിയുന്നുണ്ട്. അത് ദൈവം ശ്രദ്ധിക്കുന്നുമുണ്ട്. അകലെയെന്നു തോന്നിയാലും ദൈവം അരികിൽ തന്നെയാണ്. "ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടു കൂടെയുണ്ട്" എന്നു യേശു വാഗ്ദത്തം ചെയ്തിരിക്കയാൽ നമുക്കറിയാം (മത്തായി 28:20) നിങ്ങൾ വേദനപ്പെടുമ്പോൾ ദൈവം നിങ്ങളോടൊത്തുണ്ട്. "നീ വെള്ളത്തിൽ കൂടി കടക്കുമ്പോൾ ഞാൻ നിന്നോടു കൂടെയിരിക്കും; നീ നദികളിൽ കൂടി കടക്കുമ്പോൾ അവ നിന്റെ മീതെ കവിയുകയില്ല" എന്ന് ദൈവം അരുളിച്ചെയ്യുന്നു (യെശ. 43:2). നമ്മുടെ അതികഠിനവേദനയിലും ശോധനയിലും ദൈവം ഉണ്ട്. പക്ഷെ അതു ശരിയാണെങ്കിൽ ദൈവം അതിനൊരു പരിഹാരം വരുത്താത്തത് എന്ത്? ആ വേദന എന്തു

കൊണ്ട് ദൈവം ഒഴിവാക്കി തരുന്നില്ല.

അതിനായി ദൈവം ഒന്നും ചെയ്യുന്നില്ല എന്ന് നിങ്ങൾക്കെങ്ങിനെ അറിയാം. ദൈവത്തിന് ഇടപെടാൻ പറ്റാത്ത വിധം ഖേദകരമാണ് നിങ്ങളുടെ പ്രശ്നമെന്ന് നിങ്ങൾക്കെങ്ങനെ പറയാനാകും? തിന്മയെന്നത് ഒരു യാഥാർത്ഥ്യമാണെന്നുള്ള ലോകമാണ് നമ്മുടേത്? ദൈവത്തിനെതിരെ ജീവൻ മരണ പോരാട്ടത്തിൽ ഏർപ്പെട്ടിരിക്കുന്ന സാത്താന്റെ പ്രവർത്തനത്തിലുള്ളതാണ് ഈ തിന്മകളെല്ലാം. പക്ഷെ, തിന്മ അതിന്റെ മൂർദ്ധന്യത്തിലെത്താതിരിക്കാൻ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു എന്ന് ബൈബിൾ വെളിവാക്കുന്നു. ഭൂമിയിലെ നാലു കാറ്റുകളെ പിടിച്ചുക്കൊണ്ടു നില്ക്കുന്ന നാലു ദൂതന്മാരോട് സ്വർഗ്ഗത്തിൽ നിന്നൊരു ദൂതൻ ഇപ്രകാരം പറയുന്നതായി വെളിപാടിൽ കാണുന്നു. ഭൂമിക്കു കേടുവരുത്തുവാൻ ഈ കാറ്റുകളെ വിട്ടുകളയരുത്. അതിഹീനമായി പ്രവർത്തിച്ച് നമ്മെ ഉപദ്രവിക്കുവാനുള്ള സാത്താന്റെ ശ്രമങ്ങളിൽ നിന്ന് ദൈവം നമുക്ക് സംരക്ഷണം നല്കുന്നു എന്നതാണ് ഇതിലെ ദൂത്.

## ദൈവത്തിന്റെ പ്രശ്നം

ദൈവത്തിന് ഒരു പ്രശ്നമുള്ളതായി രണ്ടാമത് നാം കാണുന്നു. തിന്മയെന്നത് ഒരു ഭീകര

യാഥാർത്ഥ്യമായ ലോകത്തിലാണ് നാം ഇന്ന് ജീവിക്കുന്നതെന്ന് നമ്മൾ കണ്ടുകഴിഞ്ഞു. നന്മക്കും ദൈവത്തിനും എതിരെ സാത്താൻ ഒരു വലിയ മത്സരം നടത്തിക്കൊണ്ടിരിക്കുന്നു. നമ്മെയും നമുക്ക് സന്തോഷം പകരുന്ന സകലതിനെയും തകർത്തു കളയുവാൻ സാത്താൻ ശ്രമിക്കുന്നു. ദൈവം സാത്താനിലും ശക്തനാകയാൽ അന്തിമവിജയം ദൈവത്തിന്റേതാണ്. ഭൂതലത്തിൽ നിന്ന് കഷ്ടപ്പാടും തിന്മയും തുടച്ചുമാറ്റപ്പെടുന്ന ഒരു ദിവസം വരുന്നുണ്ട്. അതിനുള്ളിൽ നമ്മെ വേദനപ്പെടുത്തുവാനും ഉപദ്രവിക്കുവാനും കൊല്ലുവാനുമൊക്കെ സാത്താന് ശക്തിയുണ്ട്.

ദൈവത്തിന്റെ പ്രശ്നം ഇതാണ്: നിങ്ങളും ഞാനും ആരുടെ പക്ഷം ചേരണമെന്ന് സ്വതന്ത്രമായി തിരഞ്ഞെടുക്കുവാനുള്ള കഴിവു ലഭ്യമാക്കിക്കൊണ്ട് സാത്താനെ ജയിക്കുക എന്നതാണത്. നന്മക്കോ തിന്മക്കോ വേണ്ടിയുള്ള നമ്മുടെ സ്വതന്ത്ര തിരഞ്ഞെടുപ്പ് എന്തുവില കൊടുത്തും അടിസ്ഥാനപരമായി സംരക്ഷിക്കേണ്ടതും ദൈവത്തിന്റെ ചുമതലയാണ്. നമ്മുടെ സ്വതന്ത്ര തിരഞ്ഞെടുപ്പ് ദൈവപക്ഷത്ത് നില്ക്കേണ്ടതിന് വേണ്ടിയുള്ളതല്ലയെങ്കിൽ സാത്താൻ ജയിക്കുന്നു. ഏകപക്ഷീയമായി ഭീകരഭരണം നടത്തി അനുസരിപ്പിക്കുന്ന സ്വേച്ഛാധിപതിയാണ് ദൈവമെന്ന് ആരംഭം മുതൽ സാത്താൻ

ദൈവത്തെകുറ്റപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ദൈവത്തിനുപകരമായി സാത്താൻ തന്നെത്താൻ അവരോധിച്ചിരിക്കുകയുമാണ്.

## എനിക്ക് എന്തുകൊണ്ട് ഇത് സംഭവിക്കുന്നു.

കഷ്ടപ്പാടും പ്രയാസവും ജീവിതത്തിൽ വരുമ്പോൾ എനിക്ക് എന്തിന് ഇത് സംഭവിച്ചു എന്നുള്ള ചോദ്യം സ്വാഭാവികമാണ്. ചിലരുടെ ജീവിതം കഷ്ടപ്പാടിൽ നിന്ന് വിമുക്തമായിരിക്കയും ചിലരിൽ കഷ്ടപ്പാടുകൾ അധികരിക്കയും ചെയ്യുന്നത് ശരിയല്ലായെന്നും തോന്നാം. ചില അപകടങ്ങളിൽ ചിലർ പരിക്കേൽക്കാതെ ഇരിക്കുന്നതും അതേസമയം മറ്റു ചിലർക്ക് അതിൽ ജീവൻ നഷ്ടമാകുന്നതും കാണാം. അതെന്തുകൊണ്ട്? കാണപ്പെടുന്ന ഒരു അത്ഭുതം ചിലർക്ക് ദൈവം ചെയ്യുന്നു. മറ്റുള്ളവർക്കത് ചെയ്യുന്നില്ല?

ഇപ്രകാരമുള്ള ചോദ്യങ്ങൾക്ക് പൂർണ്ണതൃപ്തി നല്കുന്ന ഉത്തരം ലഭ്യമല്ല. അത്ഭുതപ്രവർത്തനങ്ങളുടെ ശക്തിയും അതിന്റെ കാരണവും ദൈവത്തിന്റെ സ്വന്തം കരങ്ങളിലാണെന്ന് അന്തിമമായി നാം ഓർത്തിരിക്കേണ്ടതുണ്ട്. ദൈവം മുഴുചിത്രവും കാണുന്നു. സകലവും ഭംഗിയായി ദൈവം ചെയ്തുതീർക്കും. "ദൈവം സ്വർഗ്ഗത്തിലും നീ ഭൂമിയിലും അല്ലോ; ആകയാൽ നിന്റെ വാക്ക് ചുരുക്കമായിരി

ക്കട്ടെ" (സഭാ പ്രസംഗി 5:2)

നമുക്കറിഞ്ഞുകൂടായെങ്കിലും ഇപ്രകാരമുള്ള പരിതസ്ഥിതി ഉണ്ടാകുമ്പോൾ ദൈവം അതുകാണുന്നുണ്ടെന്നും ഉത്തരം തരുമെന്നും നാം വിശ്വസിക്കേണ്ടതാണ്. നമുക്ക് അറിയാത്തവ സ്വർഗ്ഗത്തിൽ മുഖാമുഖം കാണുമ്പോൾ നാം മനസ്സിലാക്കും. ഈ ഭൂമിയുടെ കണക്കെല്ലാം തീർത്തു കഴിഞ്ഞശേഷം സ്വർഗ്ഗീയ തീരത്തു നിന്നുകൊണ്ട് ഈ ഭൂമിയെ നോക്കുമ്പോൾ നാം സമ്പൂർണ്ണ തൃപ്തരാകും. കാരണം "നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സു വിചാരിച്ചാൽ ഈ കാലത്തിലെ കഷ്ടങ്ങൾ സാരമില്ല (റോമർ 8:18)

നമുക്ക് തുല്യമായി ജീവിച്ചുകൊണ്ട് അവസാനം ക്രൂശിൽ മരിക്കുവാൻ സ്വന്തപുത്രനെ ഭൂമിയിലേക്ക് അയച്ച് തന്റെ പരിപൂർണ്ണ നിസ്വാർത്ഥത വെളിപ്പെടുത്തുക എന്നതായിരുന്നു സാത്താന്റെ വെല്ലുവിളിക്കുള്ള ദൈവത്തിന്റെ മറുപടി.

നിങ്ങളും ഞാനും ഇപ്പോൾ ദൈവത്തിനും സാത്താനും മദ്ധ്യേയുള്ള തിരഞ്ഞെടുപ്പ് നടത്തേണ്ടതാണ്. ദൈവം സർവ്വശക്തനാക കൊണ്ട് ദൈവത്തെ അനുസരിക്കുവാൻ നാം നിർബന്ധിക്കപ്പെടുന്നു എന്നുള്ള സാത്താന്റെ കുറ്റാരോപണത്തിനു മുമ്പിൽ നാം നടത്തുന്ന തെരഞ്ഞെടുപ്പുസ്വാതന്ത്ര്യത്തോടുകൂടിയതും വിശ്വസ്തതയുള്ളതും നമ്മുടെ

സ്വന്തമായതും ആയിരുന്നു എന്ന് ദൈവത്തിന് നിശ്ചയമുണ്ടായിരിക്കണം. അതുകൊണ്ടാണ് തിര ഞ്ഞെടുപ്പിനുള്ള നമ്മുടെ സ്വാതന്ത്ര്യം ദൈവമു മ്പാകെ അതിപ്രധാനമായിരിക്കുന്നത്. പക്ഷെ അത് ദൈവത്തിന് പ്രശ്നത്തിനുള്ള ഉറവിടവും കൂടെയാ ണ്. കാരണം നാം സ്വതന്ത്രമായി തിരഞ്ഞെടുക്കു ന്നത് ചിലപ്പോൾ തിന്മയെ തന്നെയായിപ്പോകും. പര സ്പരം ഭീകരതകൾ നടത്തുന്നതിനേയും നമുക്കു തിരഞ്ഞെടുക്കുവാനാകും.

## സ്വാതന്ത്ര്യം ദുരുപയോഗപ്പെടുത്തുന്നു.

ചിലർ തിന്മ ചെയ്യാനുള്ള തിരഞ്ഞെടുപ്പുനട ത്തുന്നതിൽ നാം അത്ഭുതപ്പെടേണ്ടതില്ല വേദനയും കഷ്ടപ്പാടും ഉണ്ടാകുന്നു; യുവതിയായോരുമാതാവ് കാൻസർരോഗത്തിൽ മരണപ്പെടുന്നു; വിവാഹ ബന്ധം വേർപ്പെടുന്നു; കാർ ഇടിച്ചു കുട്ടി മരി ക്കുന്നു; മറ്റെന്തെങ്കിലും കാരണത്താൽ നിങ്ങൾ വേദനപ്പെടുന്നു- ദൈവത്തോടുസാത്താൻ ഇപ്പോഴും യുദ്ധത്തിലാണ്- ചിലപ്പോഴൊക്കെ സാത്താൻ ജയിക്കുന്നു.

എന്തൊക്കെ ആയിരുന്നാലും അന്തിമ വിജയം ദൈവത്തിന്റേതാണെന്ന് ബൈബിൾ ഉറപ്പു തരു ന്നുണ്ട്. സ്വർഗ്ഗീയ സൈന്യത്തിന്റെ അധിപനായി യേശു ഒരു വെള്ള കുതിരപ്പുറത്തു എഴുന്നള്ളി

വരുന്നത് വെളിപാടു പുസ്തകം അലങ്കാര ഭാഷയിൽ വർണ്ണിക്കുന്നു. കോടിക്കണക്കായ മാലാഖ വൃന്ദം യേശുവിനെ അനുഗമിച്ചു വരുന്നു. സാത്താന്റെ ദുഷ്ടതയോടുള്ള ക്രിസ്തുവിന്റെ ദീർഘക്ഷമ അവസാനിച്ചു കഴിഞ്ഞു. യുദ്ധം അല്പസമയത്തേക്കേയുള്ളൂ. സാത്താനും അവന്റെ തിന്മയുടെ പിൻഗാമികളും പിടിക്കപ്പെടുന്നു. സാത്താൻ നശിപ്പിക്കപ്പെടുമ്പോൾ തിന്മയുടെ അന്ത്യം പൂർണ്ണമാകും. വിദ്വേഷം, ഭീകരത, തീവ്രവാദം, കൂട്ടനരഹത്യ, മഹായുദ്ധങ്ങൾ എന്നിവയെല്ലാം അവസാനിക്കും. നാം കഷ്ടപ്പെടുവാൻ സാത്താൻ കൊണ്ടുവന്നിരിക്കുന്ന ചെറുതും വലുതുമായ സർവ്വവിധ വേദനകളും ദുരിതങ്ങളും അന്ന് അവസാനിച്ചു പോകും.

### വേദന ഇനി ഇല്ല:–

പാപം ഇനി ഉണ്ടാകയില്ല എന്ന് ബൈബിൾ വാഗ്ദത്തം ചെയ്യുന്നു (നഹൂം 1:9 നോക്കുക) നാം അടക്കം സകലത്തെയും ദൈവം പുതുതാക്കുമെന്ന് ബൈബിൾ പറയുന്നു. "അവൻ അവരുടെ കണ്ണിൽ നിന്ന് കണ്ണുനീരെല്ലാം തുടച്ചു കളയും. ഇനി മരണം ഉണ്ടാകയില്ല. ദു:ഖവും മുറവിളിയും കഷ്ടതയും ഇനി ഉണ്ടാകയില്ല. ഒന്നാമത്തേതു കഴിഞ്ഞു പോയി" (വെളി. 21:4,5)

നിങ്ങൾ വേദനപ്പെടുന്നത് ദൈവം ശ്രദ്ധിക്കുന്നുണ്ടോ? അതിനെതിരെ ദൈവം എന്തെങ്കിലും ചെയ്യുന്നുണ്ടോ? തീർച്ചയായും ചെയ്യുന്നുണ്ട്. നിങ്ങൾക്കുവേണ്ടി വ്യക്തിപരമായും മുഴുലോകത്തിനും വേണ്ടി. "ഞാൻ നിന്നെ ഒരു നാളും കൈവിടുകയില്ല, ഉപേക്ഷിക്കുകയുമില്ല" എന്നു ദൈവം വാഗ്ദാനം ചെയ്യുന്നു (എബ്രായർ 13:5)

കൂടുതൽ അറിയേണ്ടതിന് ബന്ധപ്പെടുക:

GIVING LIGHT TO OUR WORLD

## More on This Topic

Scan the QR code or visit the link below.

www.hopetv.org/glow-peace

Hope CHANNEL DIRECTV Channel 368



## Free Bible Studies

You can also contact us for information about our free Bible study plans and literature.

**www.glowonline.org**